**ലിസ്റ്റ് 3**

# പതിനഞ്ചാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2024-ലെ
കേരള സ്പോർട്ട്സ് (ഭേദഗതി) ബില്ലിനുള്ള ഭേദഗതി നോട്ടീസ്</u>

**<u>എട്ടാം വകുപ്പ്</u>**

ശ്രീ. വി. അബ്ദുറഹിമാൻ,
ന്യൂനപക്ഷക്ഷേമം-കായികം വഖഫ്
ഹജ്ജ് തീർത്ഥാടനം വകുപ്പ് മന്ത്രി :

685. ഖണ്ഡം 8(iv) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(2)-ൽ

(i) ഖണ്ഡം (ഇഇ)-യ്ക്ക് ശേഷം താഴെപ്പറയുന്നത് ചേർക്കുകയും ശേഷിക്കുന്നവ പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഇഎഫ്) വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ഏകോപിപ്പിച്ചുകൊണ്ട് സ്കൂൾ തലത്തിലുള്ള മത്സരങ്ങളിൽ നിന്ന് കായിക പ്രതിഭകളെ കണ്ടെത്താനായി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരു സംവിധാനം രൂപീകരിക്കുക."

(ii) നിലവിലുള്ള (ഇയ്യ) ഖണ്ഡത്തിന് പകരം താഴെപ്പറയുന്നത് ചേർക്കുകയും (ഇവി) ആയി പുനരക്ഷരം ചെയ്യുകയും ചെയ്യുക.

"(ഇവി) പൊതുജനാരോഗ്യത്തിനായി കായികക്ഷമത പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ജില്ലാ സ്പോർട്സ് കൗൺസിലോ, കോർപ്പറേഷൻ സ്പോർട്സ് കൗൺസിലോ, മുനിസിപ്പൽ സ്പോർട്സ് കൗൺസിലോ, ഗ്രാമ സ്പോർട്സ് കൗൺസിലോ മുഖേന വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കളിസ്ഥലങ്ങളുടെ ഉപയോഗം, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായും, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായും സഹകരിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ക്രമീകരിക്കുക."

കേരള നിയമസഭാ സെക്രട്ടേറിയറ്റ്,
തിരുവനന്തപുരം,
2025 മാർച്ച് 25.

ഡോ. എൻ. കൃഷ്ണ കുമാർ,
സെക്രട്ടറി.

4066